43

'ഭരണഭാഷ-മാതൃഭാഷ'

നം. 558/പി2/18/ന്യൂ.ക്ഷേ.ഡ

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്,
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം, തീയതി: 18. 09. 2018
ടെലിഫാക്സ്:0471-2300523, 24, 2302090
ഇമെയിൽ- director.mwd@gmail.com

ഡയറക്ടർ

പ്രസിഡന്റ്/സെക്രട്ടറി
മർകസ് ആർട്സ് & സയൻസ് കോളേജ്
മലപ്പുറം

സർ,

*വിഷയം:-* *ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് - ന്യൂനപക്ഷ മുസ്ലീം യുവതി - യുവാക്കൾക്ക് പ്രീമാരിറ്റൽ കൗൺസലിംഗ് സെന്റർ - സംബന്ധിച്ച്.*

*സൂചന:-* *1. 12.04.2018 - ലെ **G.O.(Rt.)No.2373/2018/GAD** നമ്പർ സർക്കാർ ഉത്തരവ്*
*2. 28.07.2018- ലെ **G.O.(Rt.)No.4931/2018/GAD** നമ്പർ സർക്കാർ ഉത്തരവ്.*

മേൽ ഉത്തരവുകൾ പ്രകാരം പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സ് നടത്തുന്നതിന് താങ്കളുടെ സ്ഥാപനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള പ്രീമാരിറ്റൽ കൗൺസലിംഗ് സെന്ററായി **2018-19** സാമ്പത്തിക വർഷത്തേക്ക് അംഗീകരിച്ചിരിക്കുന്നു.

വിശ്വസ്തതയോടെ

Fasil. A

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്ക് വേണ്ടി

# പ്രീമാരിറ്റൽ കൗൺസിലിംങ് നിർദ്ദേശങ്ങൾ

## പൊതു നിർദ്ദേശം

പ്രീമാരിറ്റൽ കൗൺസിലിംങ് സെന്ററുകൾ ഭംഗിയായി നടത്തിക്കൊണ്ടു പോകാൻ സെന്റർ അധികാരികളും, പ്രിൻസിപ്പൽമാരും ഫാക്കൽറ്റികളും, ജില്ലാ ഫാക്കൽറ്റി കൺവീനർമാരും പരസ്പരം സഹകരിച്ചും ഉത്തരവാദിത്തതോടെയും ആത്മാർത്ഥതയോടെയും അവരവരുടെ ഡ്യൂട്ടി അവസരോചിതം നിർവ്വഹിക്കുക. MOU-വും അപ്പപ്പോൾ ഡയറക്ടറേറ്റിൽ നിന്നുമുള്ള നിർദ്ദേശങ്ങളനുസരിച്ചായിരിക്കണം ക്ലാസുകൾ നടത്തേണ്ടത്. മൈനോറിറ്റി വിഭാഗത്തിലെ അവിവാഹിതരായ 18 വയസ്സ് പൂർത്തിയാക്കിയ യുവതീയുവാക്കൾക്കാണ് കോഴ്സ്. ശനി, ഞായർ മറ്റ് അവധി ദിവസങ്ങൾ എന്നിവയിലാണ് ക്ലാസുകൾ ക്രമീകരിക്കേണ്ടത്. 2018 ഡിസംബർ 31-നകം എല്ലാ ബാച്ച് ക്ലാസുകളും പൂർത്തീകരിക്കേണ്ടതാണ്.

## I. കോച്ചിംങ് സെന്റർ മൈനോറിറ്റി യൂത്ത് പ്രിൻസിപ്പൽമാർക്ക്

1. MOU-വിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ജില്ലയിലെ പ്രീമാരിറ്റൽ സെന്ററുകളുടെയും, ക്ലാസുകളുടെയും ഏകോപന ചുമതല പ്രിൻസിപ്പൽമാരുടേതാണ്.

1. അതതു സ്ഥാപനങ്ങൾക്ക് MOU അനുസരിച്ച് തുക അക്കൗണ്ടിലേക്ക് അയക്കുന്നതായിരിക്കും.
2. ജില്ലയിൽ ഫാക്കൽറ്റികളുടെ ഇടയിൽ നിന്നും ഒരു കൺവീനറെ അവർ തന്നെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ സഹായത്തോടെ ജില്ലയിലെ പരിശീലനകേന്ദ്രം അടക്കം മുഴുവൻ സെന്ററുകളിലേയും ക്ലാസുകളുടെ ടൈംടേബിൾ തയ്യാറാക്കി അതനുസരിച്ച് ഫാക്കൽറ്റികൾ പോകുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക. (അതിനുള്ള സഹായം ജില്ലാ ഫാക്കൽറ്റി കൺവീനർമാരിൽ നിന്നും തേടാം.)
3. സി.സി.എം.വൈ കേന്ദ്രത്തിന്റെ ക്ലാസ്സുകൾ പരിശീലന കേന്ദ്രം വിദ്യാർത്ഥികൾക്ക് പുറമെ എക്സ്റ്റൻഷനായും നടത്താം.
4. അപ്രകാരം ക്ലാസുകൾ നടത്തുമ്പോൾ മുൻഗണന നൽകേണ്ടത് ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ പ്രിൻസിപ്പൽ ഷോർട്ട് ലിസ്റ്റ് /ലിസ്റ്റ് സമർപ്പിച്ച സ്ഥാപനങ്ങൾക്ക് ആയിരിക്കണം.
5. മറ്റു സെന്ററുകൾക്കും എക്സ്റ്റൻഷൻ പ്രോഗ്രാം നടത്താവുന്നതാണ്.
6. ക്ലാസിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് മുൻകൂട്ടി കൗൺസിലിംഗ് സെന്ററുകളിൽ നിന്നും ആവശ്യപ്പെടണം.
7. മുപ്പതിൽ കുറവ് അപേക്ഷകരാണെങ്കിൽ ക്ലാസ് നടത്താവുന്നതല്ല.
8. ക്ലാസുകൾ ശാസ്ത്രീയവും, യുക്തി ഭദ്രവും ഉപകാരപ്രദവുമായി ക്രമീകരിക്കേണ്ടതാണ്.
9. സ്ത്രീകൾക്ക് മാത്രമുള്ള ക്ലാസാണെങ്കിൽ സ്ത്രീ ഫാക്കൽറ്റികൾക്ക് മുൻഗണന നൽകാൻ പരമാവധി ശ്രദ്ധിക്കണം.
10. ഓരോ ടീമിലും ഒരു സ്ത്രീയെങ്കിലും ഫാക്കൽറ്റിയായി ഉണ്ടായിരിക്കണം.

11. ക്ലാസുകൾക്ക് ശേഷം ഓരോ ഫാക്കൽറ്റിയെക്കുറിച്ചും സംഘാടകരോടും, പാർട്ടിസിപ്പൻസിനോടും ഫീഡ് ബാക്ക് വാങ്ങി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കണം.

12. ഒരു പ്രീമാരിറ്റൽ കോഴ്സ് 3 മണിക്കൂർ വീതം 2 സെഷനായി 4 ദിവസമായി ക്രമീകരിച്ചിരിക്കണം.

13. **2018 ഡിസംബർ 31-നകം അതത് ജില്ലകളിൽ അനുവദിച്ച എല്ലാ ക്ലാസുകളും പൂർത്തീകരിക്കേണ്ടതും ആയതിന്റെ ഒറിജിനൽ വൗച്ചറുകളും ബില്ലുകളും അടക്കം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന് 2019 ജനുവരി 10-ന് മുമ്പായി സമർപ്പിച്ച് ഫൈനൽ സെറ്റിൽമെന്റ് നടത്തേണ്ടതാണ്.**

## II. പ്രീമാരിറ്റൽ കൗൺസിലിംങ് സെന്റർ ഭാരവാഹികൾക്ക്

1. സെന്ററിന്റെ നടത്തിപ്പ് ചുമതല കോളേജ് പ്രിൻസിപ്പൾ/സ്ഥാപന/മഹല്ല് മേലാധികാരിക്കോ ഉപയ സമ്മതപ്രകാരം അദ്ദേഹം ചുമതലപ്പെടുത്തുന്ന യോഗ്യനായ വ്യക്തിക്കോ ആയിരിക്കും.
2. പ്രിമാരിറ്റൽ കൗൺസലിംഗ് കേന്ദ്രത്തിന്റെ ഭരണപരവും, അക്കാദമികവുമായ പ്രവർത്തനങ്ങളുടെ നിരീക്ഷണ/ഏകോപന ചുമതല ജില്ലയിലെ പരിശീലനകേന്ദ്രം പ്രിൻസിപ്പലിനായിരിക്കും.
3. മുൻകൂട്ടി തയ്യാറാക്കുന്ന ടൈംടേബിൾ അനുസരിച്ച് ഫാക്കൽറ്റികളെ ലഭ്യമാക്കാൻ സി.സി.എം.വൈ പ്രിൻസിപ്പൽമാരോട് ആവശ്യപ്പെടാവുന്നതാണ്.(അവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും സൈറ്റിൽ ലഭ്യമാണ്)
4. **ശനി, ഞായർ മറ്റ് അവധി ദിവസങ്ങൾ എന്നിവയിലാണ് ക്ലാസുകൾ ക്രമീകരിക്കേണ്ടത്.**
5. ഫർണ്ണീച്ചർ, ബോർഡ്, ഫാൻ, ലൈറ്റ്, പബ്ലിക്ക് അഡ്രസിംഗ് സിസ്റ്റം, എൽ.സി.ഡി കുടിവെള്ളം, സാനിറ്റേഷൻ സൗകര്യം എന്നിവ കൗൺസലിംഗ് സെന്ററിൽ ഉണ്ടായിരിക്കണം. (അത് ഒരുക്കേണ്ട ബാധ്യത സെന്റർ അധികാരികൾക്കായിരിക്കും)
6. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്ലെറ്റ് സംവിധാനം ഉണ്ടായിരിക്കണം.
7. കൗൺസലിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി യോഗ്യരായ ഉത്തരവാദത്തപ്പെട്ട രണ്ട് വ്യക്തികളുടെ പൂർണമായ മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ വകുപ്പിനെയും പ്രിൻസിപ്പലിനെയും, ജില്ലാ ഫാക്കൽറ്റി കോ-ഓർഡിനേറ്ററേയും മുൻകൂട്ടി അറിയിക്കേണ്ടതാണ്.
8. ഒരു ദിവസം 6 മണിക്കൂർ വെച്ച് 4 ദിവസം നീണ്ടു നിൽക്കുന്ന 24 മണിക്കൂർ ക്ലാസ്സാണ് ഒരു ബാച്ചിൽ ഉൾപ്പെടുത്തേണ്ടത്. 4 ദിവസത്തെ ക്ലാസ്സ്/ഒരു ബാച്ച് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.
9. ന്യൂനപക്ഷ സമുദായത്തിലെ **അവിവാഹിതരായ 18 വയസ്സ് പൂർത്തിയാക്കിയ യുവതീയുവാക്കൾക്കാണ്** സൗജന്യ കൗൺസലിംഗ് ക്ലാസ് നൽകേണ്ടത്
10. ഒരു ബാച്ചിൽ ചുരുങ്ങിയത് 30 പേർ ഉണ്ടായിരിക്കണം.

11. കൗൺസിലിംഗ് പരിപാടികളുമായി ബന്ധപ്പെട്ട് യാതൊരുവിധ സംഭാവനകളോ ഫീസുകളോ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കരുത്.
12. കൗൺസലിംഗ് ക്ലാസ് സംഘടിപ്പിക്കുന്നതിന് മുമ്പായി, കൗൺസലിംഗിനായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനെ/യുവ ജനതയക്കായുള്ള പരിശീലന കേന്ദ്രത്തിനെ ബോധ്യപ്പെടുത്തി അംഗീകാരം നേടണം.
13. അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിക്കണം.
14. ഒരു ബാച്ച് ക്ലാസ് നടത്തുന്നതിന് ഒരു സെന്ററിന് ഫാക്കൽറ്റി ഹോണേറേറിയം അടക്കം പരമാവധി 20,000/- രൂപ അനുവദിക്കുന്നതാണ്. ട്രെയിനിംഗിന് പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളും ട്രെയിനിംഗ് തീയ്യതിയും ലഭ്യമാകുമ്പോൾ ആകെ തുകയുടെ 50% തുക അനുവദിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ട്രെയിനിംഗ് പൂർത്തിയാക്കി ബില്ല് സമർപ്പിക്കുമ്പോൾ അടുത്ത 50% തുക അനുവദിക്കുന്നതാണ്. ട്രെയിനിംഗ് നടത്താൻ കഴിഞ്ഞിട്ടില്ലായെങ്കിൽ അനുവദിച്ച തുകയും സർക്കാർ നിശ്ചയിക്കുന്ന നിരക്കിലെ പിഴ പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ടതാണ്.
15. കൗൺസിലിംഗിന് ക്ലാസ്സെടുക്കുന്ന ഫാക്കൽറ്റിക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള 3 മണിക്കുറിന് 2,000/- രൂപ നിരക്കിൽ തുക ഓണറേറിയമായി കൗൺസിലിംഗ് നടത്തുന്ന സ്ഥാപനം അതിനായി നൽകിയിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്. തുകയുടെ കൈപ്പറ്റു രസീത് ട്രെയിനിംഗ് പൂർത്തിയാകുമ്പോൾ അതത് ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്ര പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്. ഒരു ബാച്ചിന് 4000/-രൂപ റിഫ്രഷ്മെന്റ്/കണ്ടിൻജൻസി ഇനത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്.
16. കൗൺസിലിംഗ് നടത്തിപ്പിനായിട്ടുള്ള ധനവിനിയോഗത്തിന് മാത്രമായി ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ പ്രത്യേകം എസ്.ബി അക്കൗണ്ട് സംഘടനക്ക്/ സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
17. ഗൈനക്കോളജി/ഹെൽത്ത് സയൻസ്/നിയമം എന്നീ വിഷയങ്ങളിൽ സ്ഥാപനങ്ങളിൽ ഫാക്കൽറ്റികൾ ഉണ്ടെങ്കിൽ അവരുടെ യോഗ്യത പരിശോധിച്ച് ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റിയെ നിശ്ചയിക്കാവുന്നതാണ്. മറ്റു വിഷയങ്ങളിലെ ഫാക്കൽറ്റികളെ വകുപ്പ് മുഖേന നൽകുന്നതായിരിക്കും.
18. പ്രീമാരിറ്റൽ കൗൺസലിംഗിന് അനുമതി നൽകിയിട്ടുള്ള സ്ഥാപനം/സംഘടന പ്രീമാരിറ്റൽ കൗൺസലിംഗിന് മാത്രം അനുവദിച്ചിട്ടുള്ളതും വകുപ്പിന് കീഴിലെ ഇതര പ്രവർത്തനങ്ങൾ നേരിട്ടോ അല്ലാതെയോ ഏറ്റെടുത്ത് നടത്തുന്നതിനും മറ്റുമായി ചുമതലപ്പെടുത്തിട്ടില്ലാത്തതുമാകുന്നു. മറ്റൊരു പ്രവർത്തനവും ഈ മേൽവിലാസം ഉപയോഗിച്ച് ചെയ്യാൻ പാടില്ലാത്തതാകുന്നു.
19. വ്യക്തിഗത കൗൺസിലിംഗ് അടക്കം സെന്ററിന്റെ പേര് ദുരുപയോഗം ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതല്ല. മേൽ നിബന്ധനകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ വീഴ്ച വരുത്തുന്ന പക്ഷം മുൻകൂർ നോട്ടീസ് നൽകി

സ്ഥാപനത്തിനായി അനുവദിച്ച പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. അനുവദിച്ച തുക പൂർണമായും തിരിച്ചടക്കേണ്ടതായും വരും.

20. പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്സ് നടത്തുന്ന സ്ഥാപനത്തിനു മുൻപായി പ്രീമാരിറ്റൽ കൗൺസിലിംഗ് സെന്റർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സർക്കാർ എന്ന ബോർഡ് വയ്ക്കേണ്ടതാണ്.

## III. പ്രീമാരിറ്റൽ കൗൺസിലിംങ് ഫാക്കൽറ്റികൾക്ക്

1. ക്ലാസുകൾ കാലത്ത് 10 മണി മുതൽ 1 മണി വരെയും ഉച്ചയ്ക്ക് 2 ണി മുതൽ 5 ണി വരെയുമാണ്. ക്ലാസുകൾക്കിടയിൽ റീഫ്രഷ്മെന്റിനു സമയം 15 മിനിറ്റു വീതം അനുവദിക്കണം.(എന്തെങ്കിലും കാരണത്താൽ 4 ണിക്ക് വിടേണ്ടതുണ്ടെങ്കിൽ സി. സി.എം.വൈ പ്രിൻസിപ്പലുടെ അനുവാദത്തോടെ 9 ണിക്ക് ക്ലാസ് ആരംഭിക്കേണ്ട താണ്)
2. ക്ലാസുകൾ കാലത്ത് 3 മണിക്കൂറും വൈകിട്ട് 3 മണിക്കൂറുമാണ്.
3. ക്ലാസുകൾ നേരം വൈകി തുടങ്ങുകയോ, അവസാനിപ്പിക്കുകയോ ചെയ്യരുത്.
4. ക്ലാസിന് 15 മിനിറ്റ് മുമ്പെങ്കിലും സ്ഥലത്ത് എത്തേണ്ടതാണ്.
5. ക്ലാസുകൾക്ക് കൗൺസിലിങ് വർക്ക്ഷോപ്പിന്റെ അടിസ്ഥാനത്തിലുള്ള കൃത്യമായ സിനോപ്സിസും മൊഡ്യൂളും ഉണ്ടായിരിക്കേണ്ടതാണ്.
6. സ്ത്രീ-പുരുഷ വ്യത്യാസങ്ങൾ, ലൈംഗികത മുതലായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ശാസ്ത്രീയമല്ലാത്ത ആധികാരികമായ തെളിവുകളില്ലാത്ത കാര്യങ്ങൾ ഒന്നും തന്നെ പറയുകയോ നൽകുകയോ ചെയ്യരുത്. (അച്ചടിച്ച കാര്യങ്ങൾ മുഴുവൻ ആധികാരികമാണെന്നു ധരിക്കരുത്)
7. മതനിരപേക്ഷ മൂല്യങ്ങൾക്ക് മുൻഗണന നൽകുന്നതിനാൽ മതപരമായ വിഷയങ്ങളിൽ അഭിപ്രായം അടിച്ചേൽപ്പിക്കാതിരിക്കുക.
8. നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ളതല്ല. ക്ലാസുകൾ മറിച്ച് വസ്തുത (Fact)കൾ ശാസ്ത്രീയമായും വസ്തുനിഷ്ടമായും (Objectively ) അവതരിപ്പിക്കാനുള്ളതാണെന്ന് ഓർമ്മിക്കുക.
9. പരമാവധി ഊർജ്ജസ്വലവും, ആക്റ്റിവിറ്റി ബേസ്ഡും, കൺടന്റ് ഓറിയന്റഡുമായി ക്ലാസെടുക്കുക.
10. ക്ലാസിലെ പരാമർശങ്ങൾ സഭ്യേതരമോ, അശ്ലീലമോ, ആൺകോയ്മയുടേയോ, പെൺകോയ്മയുടേതോ ആകാതിരിക്കുക.
11. ക്ലാസുകളുടെ ഹോണറേറിയം അതതു സെന്ററുകളിൽ നിന്നും വാങ്ങുക. 2000/- രൂപയാണ് 3 മണിക്കൂർ ക്ലാസിന്റെ ഹോണറേറിയം

## IV. ജില്ലാ ഫാക്കൽറ്റി കൺവീനർമാർക്ക്

1. ജില്ലാ ഫാക്കൽറ്റി കൺവീനർ സ്ഥാനം സേവന സന്നദ്ധതയുടെ ഭാഗമാണ്.
2. പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരാണ് ഔദ്യോഗികമായി ജില്ലാതല കോർഡിനേറ്റർമാർ. അതിനാൽ അവരുമായി സഹകരിച്ച് ജില്ലയിലെ (മലപ്പുറം ജില്ലയിൽ 4 പരിശീലന കേന്ദ്രങ്ങൾ- വേങ്ങര, പൊന്നാനി, പെരിന്തൽമണ്ണ, ആലത്തിയൂർ) പ്രീമാരിറ്റൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഫാക്കൽറ്റികളെ വിന്യസിപ്പിക്കുക.
3. ഓരോ ബാച്ചിലും ബാലൻസ്ഡ് ഫാക്കൽറ്റി വിന്ന്യാസം നടത്തേണ്ടതാണ്.
4. ഫാക്കൽറ്റികളുടെ ഗുണനിലവാരം വീക്ഷിക്കേണ്ടതും ഗുണനിലവാരം നില നിർത്തേണ്ടതുമാണ്.
5. ജില്ലാ ടീമിനെ ശക്തമായി നിലനിർത്താൻ പരിശീലന കേന്ദ്രം പ്രിൻസിപ്പലിനെ സഹായിക്കേണ്ടതാണ്.
6. മുൻകൂട്ടി ടൈംടേബിൾ തയ്യാറാക്കാൻ പ്രിൻസിപ്പൽമാരെ സഹായിക്കേണ്ടതാണ്.
7. എല്ലാ ക്ലാസുകളും മുൻകൂട്ടി തയ്യാറാക്കിയ ടൈംടേബിൾ പ്രകാരം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരെ സഹായിക്കുക.
8. സെന്റർ ഭാരവാഹികൾ MOU-വിൽ അംഗീകരിച്ച പ്രകാരം ക്ലാസുകൾക്ക് വേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കുക.

** ഓർക്കുക ജില്ലാ ഫാക്കൽറ്റി സ്ഥാനം സേവനമാണ്. അതിന് പ്രത്യേക ഹോണറേറിയം ഇല്ല.*

********

भारतीय गैर न्यायिक

एक सौ रुपये **Rs. 100**

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA BY 049721

(1)

**കരാർ ഉടമ്പടി**

2018–ാം മാണ്ട് ആഗസ്റ്റ് മാസം 30 തീയതി മർകസ് ആർട്സ് & സയൻസ് കോളേജ്, കാർത്തല പി.ഒ (സ്ഥാപനത്തിന്റെ സെക്രട്ടറി/പ്രസിഡന്റ്/മുഖ്യ സ്ഥാപനാധികാരികൾ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം – ന് എഴുതി കൊടുത്ത സമ്മതപത്രം.

GO(Rt) No. 2373/18/GAD തീയതി 12.04.2018 പ്രകാരം പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായതിനനുസരിച്ച് മർകസ് ആർട്സ് & സയൻസ് കോളേജ് എന്ന സ്ഥാപനത്തിന്/സംഘടനയ്ക്ക് അനുവദിച്ച ന്യൂനപക്ഷ പ്രീമാരിറ്റൽ കൗൺസലിംഗ് സെന്റർ താഴെ ചേർത്ത നിബന്ധനകൾക്ക് വിധേയമായി ആരംഭിക്കുന്നതിന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

**നിബന്ധനകൾ**

1. സെന്ററിന്റെ നടത്തിപ്പ് ചുമതല പ്രിൻസിപ്പൾ/സ്ഥാപന/മഹല്ല് മേലാധികാരിക്കോ ഉഭയ സമ്മതപ്രകാരം അദ്ദേഹം ചുമതലപ്പെടുത്തുന്ന യോഗ്യനായ വ്യക്തിക്കോ ആയിരിക്കും.
2. പ്രീമാരിറ്റൽ കൗൺസലിംഗ് കേന്ദ്രത്തിന്റെ ഭരണപരവും, അക്കാദമികവുമായ പ്രവർത്തനങ്ങളുടെ നിരീക്ഷണ/ഏകോപന ചുമതല ജില്ലയിലെ പരിശീലനകേന്ദ്രം പ്രിൻസിപ്പലിനായിരിക്കും.

PRINCIPAL
Markaz Arts & Science College
Athavanad, P.O.Karthala-679571

നമ്പർ 16410 വില 100

പ്രിൻസിപ്പൽ മർക്കസ് ആർട്സ് & സയൻസ് കോളേജ് ആതവനാട് 21.8.2018

വളാഞ്ചേരി സ്റ്റാമ്പ് വെണ്ടർ
വി.ടി. ജുവൈരിയ
ലൈസൻസ് നമ്പർ TR-11/27/2005

സബ് ട്രഷറി വളാഞ്ചേരി 676552

20 AUG 2018

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA BY 049722

(2)

3. ഫർണ്ണീച്ചർ, ബോർഡ്, ഫാൻ, ലൈറ്റ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, കുടിവെള്ളം, സാനിറ്റേഷൻ സൗകര്യം എന്നിവ കൗൺസലിംഗ് സെന്ററിൽ ഉണ്ടായിരിക്കണം. (അത് ഒരുക്കേണ്ട ബാധ്യത സെന്റർ അധികാരികൾക്കായിരിക്കും)

4. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം സജ്ജീകരിക്കണം.

5. കൗൺസലിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി യോഗ്യരായ ഉത്തരവാദത്തപ്പെട്ട രണ്ട് വ്യക്തികളുടെ പൂർണ്ണമായ മേൽവിലാസം, ഫോൺനമ്പർ, ഇ-മെയിൽ വിലാസം എന്നിവ വകുപ്പിന് മുൻകൂട്ടി കൈമാറേണ്ടതാണ്.

6. ഒരു ദിവസം 6 മണിക്കുർ വെച്ച് 4 ദിവസം നീണ്ടു നിൽക്കുന്ന 24 മണിക്കൂർ ക്ലാസ്സാണ് ഒരു ബാച്ചിൽ ഉൾപ്പെടുത്തേണ്ടത്. 4 ദിവസത്തെ ക്ലാസ്സ്/ഒരു ബാച്ച് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

7. ന്യൂനപക്ഷ സമുദായത്തിലെ 18 വയസ്സ് പൂർത്തിയാക്കിയ അവിവാഹിതർക്കാണ്, കൗൺസലിംഗ് സെന്റർ മുഖേന സൗജന്യ കൗൺസലിംഗ് ക്ലാസ് നൽകേണ്ടത്.

PRINCIPAL
Markaz Arts & Science College
Athavanad, P.O.Karthala-679571

നമ്പർ 16411 വില 100

[illegible] മർക്കസ് ആർട്ട്സ് & സയൻസ് കോളേജ് ആതവനാട്
21. 8. 2015

വളാഞ്ചേരി സ്റ്റാമ്പ് വെണ്ടർ
വി.ടി. ജുവൈരിയ
ലൈസൻസ് നമ്പർ TR-11/277/2005

സബ്ട്രഷറി ... വളാഞ്ചേരി
പിൻ: 676552

2C AUG 20..

8. ഒരു ബാച്ചിൽ ചുരുങ്ങിയത് 30 പേർ ഉണ്ടായിരിക്കണം.

9. കൗൺസലിംഗ് പരിപാടികളുമായി ബന്ധപ്പെട്ട് യാതൊരുവിധ സംഭാവനകളോ ഫീസുകളോ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കരുത്.

10. കൗൺസലിംഗ് ക്ലാസ് സംഘടിപ്പിക്കുന്നതിന് മുമ്പായി, കൗൺസലിംഗിനായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനെ/യുവ ജനതയ്ക്കായുള്ള പരിശീലന കേന്ദ്രത്തിനെ ബോധ്യപ്പെടുത്തി അംഗീകാരം നേടണം.

11 ഒരു ബാച്ച് ക്ലാസ് നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് ഫാക്കൽറ്റി ഹോണറേറിയം അടക്കം പരമാവധി 20000/- രൂപ അനുവദിക്കുന്നതാണ്. ട്രെയിനിംഗിന് പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളും ട്രെയിനിംഗ് തീയ്യതിയും ലഭ്യമാകുമ്പോൾ ആകെ തുകയുടെ 50% തുക അനുവദിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ട്രെയിനിംഗ് പൂർത്തിയാക്കി ബില്ല് സമർപ്പിക്കുമ്പോൾ അടുത്ത 50% തുക അനുവദിക്കുന്നതാണ്. ട്രെയിനിംഗ് നടത്താൻ കഴിഞ്ഞിട്ടില്ലായെങ്കിൽ അനുവദിച്ച തുകയും സർക്കാർ നിശ്ചയിക്കുന്ന നിരക്കിലെ പിഴ പലിശ ഉൾപ്പെടെ തിരിച്ചടക്കേണ്ടതാണ്.

12. കൗൺസലിംഗ് ക്ലാസ്സെടുക്കുന്ന ഫാക്കൽറ്റിക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള 3 മണിക്കൂറിന് 2000/- രൂപ നിരക്കിൽ തുക ഓണറേറിയമായി കൗൺസലിംഗ് നടത്തുന്ന സ്ഥാപനം അതിനായി നൽകിയിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്. തുകയുടെ കൈപ്പറ്റു രസീത് ട്രെയിനിംഗ് പൂർത്തിയാകുമ്പോൾ അതാത് ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്ര പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്. 4000/- രൂപ റിഫ്രഷ്മെന്റ്/കണ്ടിൻജൻസി ഇനത്തിലും ഉപയോഗപ്പെടത്താവുന്നതാണ്.

13. കൗൺസലിംഗ് നടത്തിപ്പിനായിട്ടുള്ള ധനവിനിയോഗത്തിന് മാത്രമായി ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ പ്രത്യേകം എസ്.ബി അക്കൗണ്ട് സംഘടനക്ക്/സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

14. ഗൈനക്കോളജി/ഹെൽത്ത് സയൻസ്/ നിയമം എന്നീ വിഷയങ്ങളിൽ സ്ഥാപനങ്ങളിൽ ഫാക്കൽറ്റികൾ ഉണ്ടെങ്കിൽ അവരുടെ യോഗ്യത പരിശോധിച്ച് ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റിയെ നിശ്ചയിക്കാവുന്നതാണ്. മറ്റു വിഷയങ്ങളിലെ ഫാക്കൽറ്റികളെ വകുപ്പ് മുഖേന നൽകുന്നതായിരക്കും.

15. പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സിന്റെ മൊഡ്യൂൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി സോഷ്യോളജി ഡിപ്പാർട്ടുമെന്റിന്റെയും ലയോള കോളേജ് സൈക്കോളജി വിഭാഗത്തിന്റയും സഹായത്തോടെയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിശ്ചയിച്ചിട്ടുള്ളതാണ്.

Markaz Arts & Science College, Athavanad
P.O Karthala
Pin-679571
Date ...

Principal
Markaz Arts & Science College
Athavanad, Karthala.P.O
Malappuram.Dt - 679571

16. പ്രീമാരിറ്റൽ കൗൺസലിംഗിന് അനുമതി നൽകിയിട്ടുള്ള സ്ഥാപനം/സംഘടന പ്രീമാരിറ്റൽ കൗൺസലിംഗിന് മാത്രം അനുവദിച്ചിട്ടുള്ളതും വകുപ്പിന് കീഴിലെ ഇതര പ്രവർത്തനങ്ങൾ നേരിട്ടോ അല്ലാതെയോ ഏറ്റെടുത്ത് നടത്തുന്നതിനും മറ്റുമായി ചുമതലപ്പെടുത്തിയിട്ടില്ലാത്ത തുമാകുന്നു. മറ്റൊരു പ്രവർത്തനവും ഈ മേൽവിലാസം ഉപയോഗിച്ച് ചെയ്യാൻ പാടില്ലാത്ത താകുന്നു.

17. വ്യക്തിഗത കൗൺസലിംഗ് അടക്കം സെന്ററിന്റെ പേര് ദുരുപയോഗം ചെയ്യുന്ന പ്രവർത്തന ങ്ങളിൽ ഏർപ്പെടാവുന്നതല്ല. മേൽ നിബന്ധനകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ വീഴ്ച വരുത്തുന്ന പക്ഷം മുൻകൂർ നോട്ടീസ് നൽകി സ്ഥാപനത്തിനായി അനുവദിച്ച പ്രീമാ രിറ്റൽ കൗൺസലിംഗ് കോഴ്സ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. അനുവദിച്ച തുക പൂർണ്ണമായും തിരിച്ചടക്കേണ്ടതായും വരും.

18. പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സ് നടത്തുന്ന സ്ഥാപനത്തിനു മുൻപായി പ്രീമാരിറ്റൽ കൗൺസലിംഗ് സെന്റർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സർക്കാർ എന്ന ബോർഡ് വയ്ക്കേ ണ്ടതാണ്.

മേൽ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചു കൊള്ളാമെന്നും ഇതിന് വിരുദ്ധമായി എന്തെ ങ്കിലും വീഴ്ച ഉണ്ടായാൽ ആയതിന്റെ പേരിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനും സർക്കാരിനും ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ഞങ്ങളുടെ സ്ഥാപനത്തിന്/ സംഘടനയ്ക്ക് ഒറ്റക്കും കൂട്ടായും ഉത്തരവാദിത്വമുണ്ടായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ച് എഴുതി ഒപ്പിട്ടിരിക്കുന്നു.

PRINCIPAL
Markaz Arts & Science College
Athavanad, P.O.Karthala-679571

കേരള സർക്കാറിനു വേണ്ടി

ഡയറക്ടർ

സ്ഥാപനാധികാരി
പ്രീമാരിറ്റൽ കൗൺസലിംഗ് സെന്റർ
മർകസ് ആർട്സ് & സയൻസ് കോളേജ്,
കാർത്തല. പി.ഒ. 679571.
ആതവനാട്, മലപ്പുറം ജില്ല.

Markaz Arts & Science College * Athavanad * P.O.Karthala Pin-679571 Date..

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് * തിരുവനന്തപുരം *